**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1374** **01-02-2024 - ൽ മറുപടിയ്ക്ക്**

**മലബാർ റിവർക്രൂയിസ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | മലബാർ റിവർക്രൂയിസ് പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും ഇവ ഏതൊക്കെ പ്രദേശങ്ങളിലാണെന്നുമുള്ള വിവരം ലഭ്യമാക്കാമോ; | (എ) | മലബാർ റിവർക്രൂയിസ് പദ്ധതിയ്ക്കായി കേന്ദ്ര സഹായത്തോടെയും സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെയും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഇതിൽ സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ച 17 പദ്ധതികൾ പൂർത്തികരിച്ചിട്ടുണ്ട്. കണ്ണൂർ ജില്ലയിൽ 6 നിയോജകമണ്ഡലങ്ങളിലായി 14 പദ്ധതികളും (തലശ്ശേരി, ധർമ്മടം, കൂത്തുപറമ്പ്, പയ്യന്നൂർ, തളിപ്പറമ്പ്, കല്ല്യാശ്ശേരി) കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിൽ 3 പദ്ധതികളും പൂർത്തീകരിച്ചിട്ടുണ്ട്.<br><br>കേന്ദ്ര പദ്ധതിയായ സ്വദേശ് ദർശൻ 1.0 സ്കീമിൽ അനുവദിച്ച "ഡെവലപ്പ്മെന്റ് ഓഫ് റൂറൽ സർക്യൂട്ട് മലനാട് റിവർ ക്രൂയിസ് ടൂറിസം പ്രോജക്റ്റ് ഇൻ കേരള" എന്ന പദ്ധതിയിൽ കണ്ണൂർ ജില്ലയിലെ മാൻഗ്രോവ് ക്രൂയിസിൽ ഉൾപ്പെടുത്തി കുപ്പം - പഴയങ്ങാടി ക്രൂയിസ് റൂട്ട്, തെയ്യം ക്രൂയിസിൽ ഉൾപ്പെടുത്തി പഴയങ്ങാടി-വളപ്പട്ടണം ക്രൂയിസ് റൂട്ട്, തെക്കുമ്പാട് ഐലന്റ്, മുത്തപ്പൻ & മലബാറി ക്രൂയിസ് സർക്യൂട്ടിൽ ഉൾപ്പെടുത്തി വളപ്പട്ടണം-മുനമ്പ്കടവ് ക്രൂയിസ് റൂട്ട്, പാമ്പുരുത്തി ഐലന്റ്, മുനമ്പ്കടവ്, എന്നീ പ്രദേശങ്ങളിലാണ് പ്രവൃത്തികൾ നടത്തിയിട്ടുള്ളത്. |
| (ബി) | ഇതിനായി ഇതുവരെ എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; | (ബി) | സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി നാളിതുവരെ 45 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.<br><br>കേന്ദ്ര ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തി ഇതുവരെ 36.14 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതിയിൽ എത്ര പ്രവൃത്തികൾ പൂർത്തീകരിക്കാനുണ്ടെന്ന് വ്യക്തമാക്കാമോ? | (സി) | സംസ്ഥാന ഫണ്ട് മുഖേന നടപ്പിലാക്കുന്ന എല്ലാ പദ്ധതികളും പൂർത്തിയായിട്ടുണ്ട്. സ്വദേശ് ദർശൻ സ്കീമിൽ ഉൾപ്പെടുത്തി അനുവദിച്ച പദ്ധതിയിൽ 18 ബോട്ട് ജട്ടികൾ പൂർത്തിയായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ